# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2052     22/01/2014 -ൽ മറുപടിക്ക്

## ലോകായുക്തയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>,, ആർ. സെൽവരാജ്:<br>,, പി. സി. വിഷ്ണുനാഥ്:<br>,, എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | എ) അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ് ലോകായുക്ത നിയമങ്ങളും. നടപടിക്രമങ്ങളും പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ.പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | ബി) 1999-ലെ കേരള ലോകായുക്ത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രി, മന്ത്രിമാർ, സംസ്ഥാന നിയമസഭാംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല ഭാരവാഹികൾ, സംസ്ഥാനത്തിന്റെ സേവനത്തിലേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ സർവ്വീസിൽപെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള ആക്ടിൽ വിവരിച്ചിട്ടുള്ള പൊതുപ്രവർത്തകരുടെ അഴിമതി, ദുർഭരണം തുടങ്ങിയവയെ സംബന്ധിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി യുക്തമായ തീരുമാനങ്ങളും, പരിഹാര മാർഗ്ഗങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കും നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ പ്രസ്തുത ആക്ടിന്റെ 22-ാം വകുപ്പനുസരിച്ച് സർക്കാർ ജീവനക്കാർ ഒഴികെയുള്ള എല്ലാ പൊതുപ്രവർത്തകരും, ആക്ട് നിലവിൽ വന്ന് ഒന്നര വർഷത്തിനുള്ളിലും, അതിന് ശേഷം എല്ലാ രണ്ട് വർഷത്തിലൊരിക്കലും ജൂൺ മാസം 30-ാം തീയതിക്ക് മുമ്പായി അവരുടെയും |

കുടുംബാംഗങ്ങളുടെയും സ്വത്ത് വിവരം നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ കോംപീറ്റന്റ് അതോരിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ സ്വത്ത് വിവര പട്ടിക സമർപ്പിക്കാത്ത പൊതു പ്രവർത്തകർക്കെതിരെ പ്രസ്തുത ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

| | | |
|---|---|---|
| സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | സി) & ഡി) | കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ